ദേശാഭിമാനി

Mon, 10 February 2025

# രാജ്യാന്തര ഊർജമേള സമാപിച്ചു

**തിരുവനന്തപുരം**

എനർജി മാനേജ്മെന്റ് സെന്ററിന്റെ സ്ഥാപകദിനത്തിന്റെ ഭാഗമായി തൈക്കാട് പൊലീസ് ഗ്രൗണ്ടിൽ മൂന്ന് ദിവസമായി നടന്ന രാജ്യാന്തര ഊർജമേള സമാപിച്ചു. സമാപനസമ്മേളനം ഇഎംസി ഫൗണ്ടർ ഡയറക്ടർ പ്രൊഫ. വി കെ ദാമോദരൻ ഉദ്ഘാടനം ചെയ്തു. ആർ ഹരികുമാർ, ചന്ദ്രശേഖര റെഡ്ഡി, ജോൺസൺ ഡാനിയൽ, എ എൻ ദിനേശ് കുമാർ എന്നിവർ സംസാരിച്ചു. മേളയുടെ ഭാഗമായി നടത്തിയ മെഗാ ക്വിസിൽ വി ആർ ശരത് ഒന്നാമതെത്തി. അഖിൽ ഘോഷ് രണ്ടും ബാലു ജോൺ മൂന്നും പഞ്ചമി പ്രോത്സാഹന സമ്മാനവും നേടി. വിവിധ മത്സര വിജയികൾക്കുള്ള സമ്മാനവും ചടങ്ങിൽ നൽകി.